## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1300 — 20.01.2014- ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിൽ ചുഴലിക്കാറ്റ് മൂലം സംഭവിച്ച നാശനഷ്ടം

<table>
<tr><th></th><th>ചോദ്യം</th><th></th><th>മറുപടി</th></tr>
<tr><td></td><td>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)</td><td></td><td>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി)</td></tr>
<tr><td>(എ)</td><td>കഴിഞ്ഞ വേനൽ മഴയിൽ കാസർഗോഡ് ജില്ലയിൽ പുല്ലൂർ പെരിയ പഞ്ചായത്തിലെ ആയംമ്പാറയിലും മടിക്കൈ, നീലേശ്വരം പഞ്ചായത്തുകളിലും വീശിയ ചുഴലിക്കാറ്റ് മൂലം സംഭവിച്ച നാശനഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(എ)</td><td>ഉണ്ട്.</td></tr>
<tr><td>(ബി)</td><td>നാശനഷ്ടത്തിന്റെ കണക്ക് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;</td><td>(ബി)</td><td>പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്ക് താഴെ ചേർക്കുന്നു
<table>
<tr><th>പഞ്ചായത്ത്</th><th>നാശനഷ്ടത്തിന്റെ തുക</th><th>കർഷകരുടെ എണ്ണം</th></tr>
<tr><td>പുല്ലൂർ പെരിയ</td><td>1,81,300 രൂപ</td><td>46</td></tr>
<tr><td>മടിക്കൈ</td><td>65,93,675 രൂപ</td><td>1170</td></tr>
<tr><td>നീലേശ്വരം</td><td>3,35,425 രൂപ</td><td>192</td></tr>
</table></td></tr>
<tr><td>(സി)</td><td>പ്രസ്തുത പ്രദേശങ്ങൾ മന്ത്രിമാരടക്കമുള്ള ജനപ്രതിനിധികൾ സന്ദർശിച്ചിരുന്നുവോ;</td><td>(സി)</td><td>സന്ദർശിച്ചിരുന്നു.</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത വിഷയത്തിൽ നഷ്ടം സംഭവിച്ച കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കാമെന്ന ഉറപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;</td><td>(ഡി)</td><td>കാർഷികവിളകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് 11.39 കോടി രൂപയുടെ സഹായം സ്പെഷ്യൽ പാക്കേജ് പദ്ധതിയിൽപ്പെടുത്തി നൽകുവാനുള്ള കൃഷി വകുപ്പ് ഡയറക്ടറുടെ ശുപാർശ കൃഷി വകുപ്പിൽ പരിശോധിച്ചുവരുന്നുണ്ട്.</td></tr>
<tr><td>(ഇ)</td><td>നഷ്ടം സംഭവിച്ച കർഷകർക്ക് എന്ത് സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?</td><td>(ഇ)</td><td>സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാനദണ്ഡപ്രകാരമുള്ള ധനസഹായമാണ് റവന്യൂ വകുപ്പ് കർഷകർക്ക് നൽകുന്നത്.</td></tr>
</table>

സെക്ഷൻ ഓഫീസർ